വൈലോപ്പിള്ളി ഭവനിൽ ആവശ്യമായ ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിലാണ് നിയോഗിക്കുന്നത്.

കേരള സർക്കാർ തയ്യാറാക്കിയ തുഞ്ചൻ സ്മാരക ട്രസ്റ്റ്ഡീഡിലെ നിബന്ധനകൾക്കനുസരിച്ചാണ് ഭരണം ട്രസ്റ്റ് നിർവ്വഹിക്കുന്നത്.

മൃഗശാലകളുടെ നവീകരണം

188 [1717] ശ്രീ. ടി. എം. ജേക്കബ് :
,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മൃഗശാലകളുടെ നവീകരണത്തിനായി സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹായത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ മൃഗശാലകളിൽ ഉള്ള മൃഗങ്ങളുടേയും പക്ഷികളുടേയും വിശദ വിവരം വ്യക്തമാക്കുമോ ;

(ഡി) നവീകരണം കൊണ്ട് ഇതിൽ ഏതെല്ലാം പക്ഷി മൃഗാദികൾക്കാണ് കൂടുതൽ സൗകര്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഇ) മെച്ചപ്പെട്ട സൗകര്യം ലഭ്യമായതിനുശേഷം ആസാമിൽനിന്നും കൊണ്ടുവന്ന പെൺകാണ്ടാമൃഗം എങ്ങനെയാണ് മരിച്ചത് എന്ന് വ്യക്തമാക്കാമോ; ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(എഫ്) പുതിയതായി പെൺകാണ്ടാമൃഗത്തിനെ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ മൃഗശാലകളുടെ നവീകരണത്തിനായി സെൻട്രൽ സൂ അതോറിറ്റിയുടെ സഹായത്തോടെ നീർക്കുതിര, കാണ്ടാമൃഗം, ആന, സിംഹവാലൻ കുരങ്ങ്, ബംഗാൾ കുരങ്ങ്, പാതിരികുരങ്ങ്, കരിംകുരങ്ങ്, ഹിമാലയൻ കരടി, പന്നിക്കരടി, സിംഹം, മയിലുകൾ എന്നിവയ്ക്ക് തുറന്ന ആവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മൃഗശാല ഹോസ്പിറ്റൽ നവീകരിക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തു.

(ബി) ഇതിൽ നീർക്കുതിര ആന, സിംഹവാലൻ കുരങ്ങ്, ബംഗാൾ കുരങ്ങ്, ഹനുമാൻ കുരങ്ങ്, കരിംകുരങ്ങ്, ഹിമാലയൻ കരടി, പന്നിക്കരടി, സിംഹം, മയിലുകൾ മുതലായവയുടെ ആവാസ കേന്ദ്ര നിർമ്മാണം, മൃഗശാല ആസ്പത്രിയുടെ ചുറ്റുമതിൽ എന്നിവ പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം മൃഗശാലയിൽ 48 ഇനത്തിൽപ്പെട്ട 419 മൃഗങ്ങളും 33 ഇനത്തിൽപ്പെട്ട 195 പക്ഷികളും തൃശ്ശൂർ മൃഗശാലയിൽ 30 ഇനത്തിൽപ്പെട്ട 366 മൃഗങ്ങളും 11 ഇനത്തിൽപ്പെട്ട 66 പക്ഷികളും ഉൾപ്പെടെ 785 മൃഗങ്ങളും 261 പക്ഷികളും ഉണ്ട്.

(ഡി) നവീകരണംകൊണ്ട് ഇപ്പോൾ നീർക്കുതിര, കാണ്ടാമൃഗം, ആന, സിംഹവാലൻ കുരങ്ങ്, ബംഗാൾ കുരങ്ങ്, പാതിരി കുരങ്ങ്, ഹനുമാൻ കുരങ്ങ്, കരിംകുരങ്ങ്, ഹിമാലയൻ കരടി, പന്നിക്കരടി, സിംഹം, മയിലുകൾ മുതലായ മൃഗങ്ങൾക്കും പക്ഷികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ആൺ കാണ്ടാമൃഗത്തിന്റെ അപ്രതീക്ഷിതമായ ആക്രമണത്താലാണ് ആസാമിൽനിന്നും കൊണ്ടുവന്ന പെൺ കാണ്ടാമൃഗം മരിച്ചത്. ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ തൃശൂർ മൃഗശാലയിലെ വെറ്റിനറി ഡോക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) സെൻട്രൽ സൂ അതോറിറ്റിയുമായി ആലോചിച്ചതിനുശേഷമേ പുതുതായി പെൺ കാണ്ടാമൃഗത്തിനെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയുള്ളു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

നരേന്ദ്രൻ കമ്മീഷനെതിരെയുള്ള റിട്ട് ഹർജി

189 [1598] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

,, കളത്തിൽ അബ്ദുള്ള :

,, കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക് കുരിക്കൾ :

,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ജസ്റ്റീസ് നരേന്ദ്രൻ, രവീന്ദ്രൻ നായർ, ടി. എം. സാവാൻകുട്ടി എന്നീ മൂന്ന് അംഗങ്ങൾ അടങ്ങിയ രണ്ടാം നരേന്ദ്രൻ കമ്മീഷന്റെ നിയമനത്തെ ചോദ്യം ചെയ്ത് ഏതെങ്കിലും റിട്ട് ഹർജി ഇപ്പോൾ സുപ്രീംകോടതിയിൽ നിലവിലുള്ളതായി അറിയുമോ ?

ഉത്തരം

രണ്ടാം നരേന്ദ്രൻ കമ്മീഷന്റെ നിയമനത്തെ ചോദ്യം ചെയ്ത് സുപ്രീംകോടതിയിൽ ഏതെങ്കിലും റിട്ട് ഹർജി നിലവിലുള്ളതായി അറിയില്ല. എന്നാൽ 11-4-2000-ൽ നരേന്ദ്രൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നായർ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്ത റിട്ട് ഹർജി (സി) നമ്പർ 598/2000 തീർപ്പാവാതെ ഇപ്പോഴും സുപ്രീംകോടതിയിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly